**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1493** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ പ്രവർത്തിച്ചു വരുന്ന സേക്രഡ് ഹാർട്ട് ഹൈസ്കൂളിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി അരുണ പി. എന്ന ടീച്ചറുടെ തസ്തിക നിർണയവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | കാന്തല്ലൂർ സേക്രട്ട് ഹാർട്ട് ഹൈസ്കൂളിലെ 2022-23, 2023-24 വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവ് പുനഃപരിശോധിച്ച് ശ്രീമതി.അരുണ.പി യുടെ നിയമനാംഗീകാരത്തിനായി സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി പൊ.വി.വ-ആർ3/63/2025-പൊ.വി.വ നമ്പർ ഫയലിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.12.2025 ലെ ആർ.എ2/6246/2025/ഡിജിഇ നമ്പർ പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയുണ്ടായി. മലയാളം, തമിഴ് മീഡിയം വിദ്യാർത്ഥികളുടെ എണ്ണം ഒന്നായി കണക്കാക്കുമ്പോൾ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ തസ്തികയ്ക്ക് ആവശ്യമായ 5 പിരീഡുകൾ ലഭ്യമാകാത്തതിനാൽ റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നുള്ള വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ